ഇ-ട്രഷറി സംവിധാനം വഴി ഇ-പേയ്മെന്റ് നടത്തുന്നതിനായി സോഫ്റ്റ്വെയറിൽ മാറ്റങ്ങൾ വരുത്തുന്നതിനും വകുപ്പ് നടത്തിയ വിവിധ ട്രെയിനിംഗുകളിലും ഡെമോകളിലും ഉപയോക്താക്കൾ ആവശ്യപ്പെട്ട മാറ്റങ്ങൾ ഉൾക്കൊള്ളിക്കുന്നതിനും കാലതാമസമുണ്ടായി. കൂടാതെ സോഫ്റ്റ്വെയർ തയ്യാറാക്കുന്ന എൻ.ഐ.സി.-യിൽ പ്രോഗ്രാമർമാരെ തെരഞ്ഞെടുക്കുന്നതിനും ട്രെയിനിംഗ് നൽകുന്നതിലുണ്ടായ കാലതാമസവും കാരണങ്ങളായിട്ടുണ്ട്.

(സി) കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ 2015-ലെ ചട്ടം 102-ൽ ഓൺലൈനായി ഖനനാനുമതിക്കായി അപേക്ഷകൾ സമർപ്പിക്കുന്നതിനായുള്ള നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആന്റ് ട്രാൻസ്പോർട്ടേഷൻ) റൂൾസ് 2105-ൽ ചട്ടം 26(6) പ്രകാരം ഇ-പാസ്സ് നൽകുന്നതിനായുള്ള നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ താലൂക്ക്തല ഓഫീസുകൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ കൂടുതൽ തസ്തികകൾ

168(2206) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീട്ടാവശ്യത്തിന് മണ്ണ് നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള മണ്ണ് ഖനനം കേരള മൈനർ മിനറൽ കൺസൂക്ഷൻ ചട്ടങ്ങൾക്ക് കീഴിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ജില്ലാ ആഫീസുകളിൽ കൂടുതൽ ഫീൽഡ്, മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

<u>ഉത്തരം</u>

വീട്ടാവശ്യത്തിന് മണ്ണ് ഖനനം ചെയ്യുന്നതിന് KMMCR -1967 പ്രകാരം പെർമിറ്റ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ആവശ്യമായിരുന്നു. എന്നാൽ പുതുക്കിയ ചട്ടപ്രകാരം (KMMCR-2015) ഇതിന് പെർമിറ്റോ, ലീസോ, മറ്റ് ഉത്തരവുകളോ ആവശ്യമില്ല. മണ്ണ് നീക്കം ചെയ്യേണ്ടതുണ്ടെങ്കിൽ മാത്രം ആവശ്യമായ റോയൽറ്റി അടച്ച് അതാത് ജില്ലാ ഓഫീസുകളിൽ നിന്ന് പാസ്സ് നേടേണ്ടതാണ്. വകുപ്പിലെ ജോലി ഭാരം പരിശോധിച്ച് അധിക തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly